**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5648** **03-11-2021 - ൽ മറുപടിയ്ക്ക്**

**കില-യുടെ പരിശീലന പാഠ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അധികാര വികേന്ദ്രീകൃത ഭരണം സാർത്ഥകമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സമഗ്ര പരിശീലനം നൽകുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അധികാര വികേന്ദ്രീകൃത ഭരണം സാർത്ഥകമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സമഗ്ര പരിശീലനം നൽകുന്നതിനായി കില മുഖേന സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | വികേന്ദ്രീകൃത ഭരണ പരിശീലന കേന്ദ്രമായ കില-യുടെ പരിശീലന പാഠ്യപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളും പാഠ്യപദ്ധതിയുടെ രൂപീകരണ പ്രക്രിയയും വിശദമാക്കാമോ; | (ബി) | കിലയുടെ പരിശീലനപരിപാടിയുടെ അടിസ്ഥാന ലക്ഷ്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ജനകീയ, നിയമാനുസൃത പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിനായി ഈ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം സാധ്യമാക്കുക എന്നതുമാണ്. ഇതിനായി വികേന്ദ്രീകരണ സംബന്ധിയായ ഭരണഘടനാ അനുച്ഛേദങ്ങളും , പഞ്ചായത്ത് രാജ് നിയമങ്ങളെയും ചട്ടങ്ങളെയും അടിസ്ഥാനമാക്കിയുള്ള പ്രാദേശിക പൊതുഭരണം, ജനകീയാസൂത്രണ രീതിശാസ്ത്രം അടിസ്ഥാനമാക്കിയുള്ള പ്രാദേശിക വികസനപ്രവർത്തനങ്ങൾ, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, ലിംഗനീതി, ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദ വയോജന സൗഹൃദ തദ്ദേശ ഭരണം, സാന്ത്വനപരിചരണം, പട്ടികജാതി,പട്ടികവർഗ്ഗ, മത്സ്യബന്ധന തൊഴിലാളി വിഭാഗങ്ങളുടെ ഉന്നമനം കൂടാതെ പുതുതലമുറ വെല്ലുവിളികളായ മാലിന്യ സംസ്കരണം,ദുരന്ത നിവാരണം,സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കൽ, എന്നിവയെ അടിസ്ഥാനമാക്കിയുള്ള പരിശീലന പാഠ്യപദ്ധതിക്കാണ് കില രൂപം നൽകിയിട്ടുള്ളത്. പരിശീലന പദ്ധതിയുടെ രൂപീകരണപ്രക്രിയ താഴെ പറയുന്ന ഘട്ടങ്ങളിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് നടത്തപ്പെടുന്നത്. 1. പരിശീലനാവശ്യം തിട്ടപ്പെടുത്തൽ (Training need |

| | | | |
|---|---|---|---|
| | | | assessment) 2. പരിശീലന വിഷയമേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തി പരിശീലനകുറിപ്പുകൾ, സെഷൻ പ്ലാൻ, പി.പി.ടി -കൾ, മാതൃകാ പ്രവർത്തനങ്ങൾ, കേസ് സ്റ്റഡീസ്, അസൈൻമെന്റുകൾ, എന്നിവ ഉൾപ്പെടുത്തി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കൽ, ആവശ്യമുള്ള പക്ഷം കൈപുസ്തകങ്ങൾ തയ്യാറാക്കൽ. 3. അനുയോജ്യരായ പരിശീലകരെ കണ്ടെത്തൽ 4. പരിശീലക പരിശീലനം നടത്തൽ 5. പരിശീലനാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കൽ 6. പരിശീലനം സംബന്ധിച്ച വിലയിരുത്തൽ ശേഖരിച്ച് ആവശ്യമായ മാറ്റങ്ങൾ, മെച്ചപ്പെടുത്തലുകൾ നടത്തൽ. |
| (സി) | മറ്റ് വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ദീർഘകാലാടിസ്ഥാനത്തിൽ അക്കാദമിക-സാങ്കേതിക സഹായം നൽകാൻ പ്രാപ്തരായ സ്ഥാപനങ്ങൾ, സർവകലാശാലകൾ, വകുപ്പുകൾ, ഏജൻസികൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി സംയുക്ത പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഐ.ഐ.ടി. ബോംബെ, മഹാത്മാ ഗാന്ധി സർവകലാശാല, കർണാടക റൂറൽ ഡെവലപ്പ്മെന്റ് സർവകലാശാല, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവുമായി കില MoU ഒപ്പിട്ട പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുമായും കേരള ഡിജിറ്റൽ സർവകലാശാലയുമായും ചേർന്ന് ജനപ്രതിനിധികൾക്കായി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, കാർഷിക സർവ്വകലാശാല എന്നിവയുമായി ചേർന്ന് സംയോജിത പരിശീലനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന പരിശീലന ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജിത പരിശീലന, കാര്യശേഷി വികസന പ്രവർത്തനങ്ങളും, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളെ തദ്ദേശ സ്ഥാപനങ്ങളിലൂടെ സമൂഹത്തിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ